കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തു നികുതി- വിമുക്തഭടൻമാർ/അവരുടെ ഭാര്യമാർ/വിധവകൾ/ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വീട്ടുകരം (Property tax) ഒഴിവാക്കിയത് സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (എം.എസ്സ്) നം. 242/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 2-7-2013

---

പരാമർശം :- 1. 1-1-2005-ലെ സ.ഉ. (എം.എസ്) നം.3/2005/ ത.സ്വ.ഭ.വ.

2. 23-4-2005-ലെ സ.ഉ. (എം.എസ്) നം.111/2005/ ത.സ്വ.ഭ.വ.

3. 21-11-2005-ലെ സ.ഉ. (എം.എസ്) നം.344/2005/ ത.സ്വ.ഭ.വ.

4. 28-5-2008-ലെ സ.ഉ. (എം.എസ്) നം. 146/2008/ ത.സ്വ.ഭ.വ.

5. 25-7-2008-ലെ സ.ഉ. (എം.എസ്) നം. 212/2008/ ത.സ്വ.ഭ.വ.

6. 29-8-2009-ലെ സ.ഉ. (എം.എസ്) നം.171/2009/ ത.സ്വ.ഭ.വ.

7. 27-5-2010-ലെ സ.ഉ. (എം.എസ്) നം. 1761/2010/ ത.സ്വ.ഭ.വ.

8. പഞ്ചായത്ത് ഡയറക്ടറുടെ 13-3-12ലെ ഡി3-6482/12 നമ്പർ കത്ത്

ഉത്തരവ്

വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ അപേക്ഷ പോലും വാങ്ങാതെ നികുതിയിളവ് അനുവദിക്കുന്നതായും നികുതിയിളവ് സ്ഥിരമായി അനുവദിച്ചുനൽകുന്നതായും ഉടമസ്ഥാവകാശം മാറ്റിയിട്ടും ഇളവ് തുടർന്നുവരുന്നതായും മൂന്ന് സേനാ വിഭാഗങ്ങളിൽ (കര, നാവിക, വ്യോമ സേന) സേവനം അനുഷ്ഠിച്ചവർക്കാണ് അർഹതയെങ്കിലും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്കും നികുതിയിളവ് അനുവദിച്ച് നൽകുന്നതായും മതിയായ സത്യവാങ്മൂലം വാങ്ങാതിരിക്കുന്നതായും നികുതിയിളവിനുള്ള അർഹത പുനഃപരിശോധനയ്ക്ക് വിധേയമാക്കാതിരിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തി സ്പഷ്ടീകരണം പുറപ്പെടുവിക്കണമെന്ന് പരാമർശം (8) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

1. തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്തതായ ഒരു വീടിന് മാത്രമേ വസ്തുനികുതി ഇളവിന് അർഹതയുള്ളൂ. കര, നാവിക, വ്യോമസേനാ വിഭാഗങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

2. വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3. മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.

4. മക്കളുടെ പേരിൽ ഉൾപ്പെടെ സ്ഥലവും വീടും കൈമാറ്റം ചെയ്താൽ പ്രസ്തുത സാമ്പത്തിക വർഷം മുതൽ നികുതിയിളവിനുള്ള അർഹത നഷ്ടപ്പെടുന്നതായിരിക്കും. കൈമാറ്റം ചെയ്യുന്ന സന്ദർഭത്തിൽ ആ വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ച് ഉടമസ്ഥാവകാശം മാറ്റേണ്ടത് വിമുക്തഭടന്റെ/വിമുക്തഭടന്റെ ഭാര്യയുടെ/വിമുക്തഭടന്റെ വിധവയുടെ ഉത്തരവാദിത്തം ആയിരിക്കുന്നതാണ്. കൈമാറ്റം ചെയ്യപ്പെട്ടാൽ ഉടമസ്ഥാവകാശം മാറ്റാതെയിരിക്കുന്നതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിനത്തിൽ നഷ്ടമുണ്ടായാൽ വിമുക്തഭടൻമാർ/അവരുടെ ഭാര്യമാർ, അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ ജവാന്മാരുടെ വിധവകൾ എന്നിവരിൽ നിന്നും നഷ്ടം ഈടാക്കുന്നതാണ്.

5. പുതുതായി നികുതി ചുമത്തുമ്പോൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് അർഹത പരിശോധിച്ച് നികുതിയിളവ് അനുവദിക്കേണ്ടതാണ്. ഡിമാന്റ് രജിസ്റ്ററിൽ നിന്നും കെട്ടിടം ഒഴിവാക്കുവാൻ പാടില്ലാത്തതാണ്.

6. നികുതിയിളവ് അനുവദിക്കുന്ന വിവരം വിമുക്തഭടന്റെ ഡിസ്ചാർജ് സർട്ടിഫിക്കറ്റിലോ സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്രവച്ച് നൽകേണ്ടതാണ്.

7. ഒരിക്കൽ നികുതിയിളവ് അനുവദിച്ചാലും നികുതിയിളവിനുള്ള അപേക്ഷ, എല്ലാ സാമ്പത്തിക വർഷങ്ങളിലും ഏപ്രിൽ 10 ന് മുൻപ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരികൾക്ക് നൽകേണ്ടതാണ്.

8. ഇപ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചത് സംബന്ധിച്ച് അതാത് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധന നടത്തി ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മാസം 30-ാം തീയതിക്കകം അതാത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും റിപ്പോർട്ട് നൽകേണ്ടതാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ ഓരോ വർഷവും മേയ് മാസം 15-ാം തീയതിക്ക് മുമ്പ് റിപ്പോർട്ട് യഥാക്രമം ബന്ധപ്പെട്ട പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നൽകേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ/നിബന്ധനകൾ പഞ്ചായത്തുകൾ/ നഗരസഭകൾ കർശനായി നടപ്പിലാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ മേയർമാർക്കും/നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽബിഎ & എ) കേരള, തിരുവനന്തപുരം
പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പ്
ഡയറക്ടർ, സൈനിക് വെൽഫെയർ, വികാസ്ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ളിസിറ്റിക്ക്)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
(signature)
സെക്ഷൻ ഓഫീസർ